ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:21.03.2025**

## പ്രധാനവാർത്തകൾ

1). ജൽശക്തി മന്ത്രാലയത്തിന്റെ ധനാഭ്യർത്ഥനകൾ ലോക് സഭ പാസാക്കി.

2). വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി ജനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ശാശ്വത പരിഹാരം ഉറപ്പാക്കുമെന്ന് മന്ത്രി വി എൻ വാസവൻ.

3). ജൽജീവൻ മിഷൻ പദ്ധതിയിലേക്ക് സംസ്ഥാന സർക്കാർ വിഹിതമായി 500 കോടി രൂപ അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ.

4). വന്യജീവി സംഘർഷം ലഘൂകരണത്തിനായി കൂടുതൽ കർമ പദ്ധതികൾ നടപ്പാക്കി വരുന്നതായി മന്ത്രി എ കെ ശശീന്ദ്രൻ.

5). സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6). ഐപിഎൽ ക്രിക്കറ്റ് 18-ാാം സീസണിന് നാളെ തുടക്കം.

****************************************************

RNUTVPM

**പാർലമെൻറ്**

ജൽശക്തി മന്ത്രാലയത്തിൻറെ ധനാഭ്യർത്ഥനകൾ ലോക്സഭ ഇന്ന് പാസാക്കി. കൃഷി, കർഷകക്ഷേമ മന്ത്രാലയവുമായി ബന്ധപ്പെട്ട 2025-26 വർഷത്തെ ധനാഭ്യർത്ഥന ചർച്ചയ്ക്ക് കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാൻ മറുപടി നൽകി. രാജ്യസഭയിൽ ആഭ്യന്തരമന്ത്രാലയത്തിൻറെ പ്രവർത്തനങ്ങൾ സംബന്ധിച്ച ചർച്ച നടന്നു. ജമ്മു കശ്മീരിൽ ഭീകരവാദം മൂലമുള്ള മരണത്തിൽ 70 ശതമാനം കുറവുണ്ടായതായി കേന്ദ്ര മന്ത്രി അമിത് ഷാ പറഞ്ഞു. അമേരിക്കയിൽ നിന്ന് ഇന്ത്യക്കാരെ വിലങ്ങു വച്ച് നാട്ടിലേക്ക് തിരികെ അയച്ച നടപടിയിൽ പാർലമെൻറ് ശക്തമായ പ്രതിഷേധം അറിയിച്ചു.

*************************************************

**കൊല്ലം - എൻ.കെ പ്രേമചന്ദ്രൻ**

കൊല്ലം തുറമുഖത്തിൻറെ വർദ്ധിച്ച സാദ്ധ്യതകൾ സർക്കാർ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് എൻ.കെ. പ്രേമചന്ദ്രൻ. എംപി. കൊല്ലം തുറമുഖത്ത് നിന്നും ചരക്ക് കപ്പലുകളും യാത്രാ - വിനോദ സഞ്ചാര കപ്പലുകളും സർവ്വീസ് നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

*************************************************

**പ്രതിപക്ഷ വാക്കൗട്ട്**

ആശാ വർക്കർമാരുടെ സമരത്തിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. സമരത്തിൽ സർക്കാർ നിഷേധാത്മക സമീപനം പുലർത്തുന്നുവെന്നാരോപിച്ചാണ് പ്രതിപക്ഷം സഭ വിട്ടിറങ്ങിയത്. സബ് മിഷനിലൂടെയാണ് വിഷയം പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉന്നയിച്ചത്. തുടർ ചർച്ചകൾ നടത്തി പ്രശ്ന പരിഹാരത്തിന് സർക്കാർ ശ്രമിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. സമരത്തോട് സർക്കാരിന് അനുഭാവ പൂർണമായ സമീപനമാണ്

RNUTVPM

ഉള്ളതെന്നും സർക്കാർ ക്രമാനുഗതമായി ഇൻസെൻറീവ് വർധിപ്പിച്ചിട്ടുണ്ടെന്നും മന്ത്രി എം ബി രാജേഷ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. എന്നാൽ മന്ത്രിയുടെ മറുപടിയിൽ തൃപ്തരാകാത്ത പ്രതിപക്ഷം സഭയിൽ നിന്ന് ഇറങ്ങി പോകുകയായിരുന്നു.

*************************************************

**ഗണേഷ് കുമാർ+ കേളു**

സംസ്ഥാനത്തെ എല്ലാ സ്കൂൾ ബസുകളിലും ക്യാമറ നിർബന്ധമാക്കിയതായി ഗതാഗത മന്ത്രി
കെ ബി ഗണേഷ്കുമാർ നിയമസഭയെ അറിയിച്ചു. നിരീക്ഷണ ക്യാമറ സ്ഥാപിച്ച സ്കൂൾ ബസുകൾക്ക് മാത്രമേ ഇനിമുതൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുവെന്നും മന്ത്രി അറിയിച്ചു.
അതേസമയം റെഗുലർ, ഫുൾ ടൈം ഗവേഷണം നടത്തുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക്, ഫെലോഷിപ് നൽകുന്ന പുതിയ പദ്ധതി അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുമെന്ന് മന്ത്രി ഒ ആർ കേളു അറിയിച്ചു.

RNUTVPM

*************************************************

**വി.എൻ വാസവൻ വിഴിഞ്ഞം - (ഇൻട്രോ)**

വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായി ജനങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ശാശ്വത പരിഹാരം ഉറപ്പാക്കുമെന്ന് മന്ത്രി വി എൻ വാസവൻ. വിഴിഞ്ഞത്തെ മൽസ്യത്തൊഴിലാളികൾക്കുള്ള ജീവനോപാധി നഷ്ടപരിഹാര വിതരണത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

**(ഹോൾഡ് വോയ്സ്.........)**

ഇതിനോടകം 306 കോടി രൂപ ജീവനോപാധിയായി വിതരണം ചെയ്തിട്ടുണ്ടെന്നും ശ്രീ വാസവൻ പറഞ്ഞു. വിഴിഞ്ഞം പുനരധിവാസം സമയ ബന്ധിതമായി നടപ്പിലാക്കുമെന്നും ശ്രീ വാസവൻ വ്യക്തമാക്കി.

*************************************************

**ക്യൂബ വീണാ ജോർജ്**

ക്യൂബയുമായുള്ള സഹകരണത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് വൻ മാറ്റമുണ്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കേന്ദ്ര അനുമതിയോടെ ഗവേഷണ രംഗത്ത് ക്യൂബൻ സഹകരണം ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. ക്യൂബൻ ആരോഗ്യ വിദഗ്ധരുമായി കൂടിക്കാഴ്ച നടത്തിയശേഷമാണ് മന്ത്രിയുടെ പ്രതികരണം.

**************************************************

**ജലജീവൻ -റോഷി അഗസ്റ്റിൻ**

ജലജീവൻ മിഷൻ പദ്ധതിയിലേക്ക് സംസ്ഥാന സർക്കാർ വിഹിതമായി 500 കോടി രൂപ അനുവദിച്ചതായി മന്ത്രി റോഷി അഗസ്റ്റിൻ. 2024-25 സാമ്പത്തിക വർഷത്തിലെ രണ്ടാമത്തെ ഗഡു കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാനുണ്ട് . കരാറുകാരുടെ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സർക്കാർ 500 കോടി രൂപ മുൻകൂറായി അനുവദിക്കുകയായിരുന്നു എന്നും മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

RNU TVPM

**************************************************

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

**************************************************

**മന്ത്രി എകെ ശശീന്ദ്രൻ - (ഇൻട്രോ)**

വനസംരക്ഷണ പ്രവർത്തനങ്ങൾക്കെതിരായ പൊതുബോധ നിർമിതിയിൽ മാറ്റം വരേണ്ടതുണ്ടെന്ന് മന്ത്രി എ കെ ശശീന്ദ്രൻ. വന്യജീവി സംഘർഷ ലഘൂകരണത്തിനായി കൂടുതൽ കർമ പദ്ധതികൾ സർക്കാർ നടപ്പാക്കി വരികയാണെന്നും അദ്ദേഹം പറഞ്ഞു. ലോക വന ദിനാചരണ പരിപാടികൾ തിരുവനന്തപുരം വനം ആസ്ഥാനത്ത് ഉദ്ഘാടനം

ചെയ്യുകയായിരുന്നു മന്ത്രി. വനമിത്ര പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.
**(ഹോൾഡ് വോയിസ്.....................)**

**************************************************

## ആശാ വർക്കർമാർ സമരം

തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റിന് മുന്നിൽ ആശാപ്രവർത്തകർ നടത്തുന്ന നിരാഹാര സമരം രണ്ടാം ദിവസവും തുടരുന്നു. അതേസമയം നിരാഹാരമിരിക്കുന്നതിനിടെ ആരോഗ്യനില മോശമായതിനെ തുടർന്ന് ആശാപ്രവർത്തക ശ്രീജയെ ആശുപത്രിയിലേക്ക് മാറ്റി. ഇന്നലെയാണ് ആശാ പ്രവർത്തകർ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചത്.

**************************************************

## ആശാ സമരം - ഗോവിന്ദൻ

ആശാവർക്കർമാരുടെ സമരം ഇടതുപക്ഷ വിരുദ്ധമാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ . സർക്കാർ വിരുദ്ധ രാഷ്ട്രീയം കൈകാര്യം ചെയ്യുന്നവരാണ് ആശമാരുടെ സമരത്തിന് പിന്നിലെന്നും അദ്ദേഹം ആരോപിച്ചു. അതേസമയം, സംസ്ഥാന സർക്കാരിൻറെ വഞ്ചനയ്ക്ക് എതിരെയാണ് ആശമാരുടെ സമരമെന്ന് മുൻ കേന്ദ്രസഹമന്ത്രി വി.മുരളീധരൻ ആരോപിച്ചു. ആശമാരുടെ സമരപ്പന്തൽ അദ്ദേഹം സന്ദർശിച്ചു .

**************************************************

## ആകാശവാണി കോട്ടയം പിടിസി നിയമനം

കോട്ടയം ജില്ലയിൽ ആകാശവാണി പാർട്ട് ടൈം കറസ്പോണ്ടൻറിനെ കരാർ അടിസ്ഥാനത്തിൽ എടുക്കുന്നതിനുള്ള അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ ജില്ലാ ആസ്ഥാനത്ത് നിന്നും 10 കിലോ

PNU TVPM

മീറ്റർ ചുറ്റളവിൽ സ്ഥിര താമസക്കാരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് പ്രസാർ ഭാരതി വെബ് സൈറ്റ് സന്ദർശിക്കുക. അപേക്ഷകൾ മേയ് 30 വരെ സ്വീകരിക്കും.

**************************************************

**<u>കാലാവസ്ഥ - സംസ്ഥാനം</u>**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. മൂന്ന് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. അതേസമയം, കടുത്ത ചൂടും അൾട്രാ വയലറ്റ് രശ്മികളുടെ സാന്നിധ്യവും വർധിച്ചതോടെ വിവിധ ജില്ലകളിൽ ഉയർന്ന താപനില മുന്നറിയിപ്പും നൽകിയിട്ടുണ്ട്.

**************************************************

**<u>ഇന്ത്യൻ പ്രീമിയർ ലീഗ്</u>**

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൻറെ 18-ാം സീസണിന് നാളെ തുടക്കം. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിലാണ് ഉദ്ഘാടന മത്സരം. രാത്രി 7.30 നാണ് മത്സരം.

RNU TVPM

**************************************************

**<u>ജെ.സി ഡാനിയൽ - പ്രതിമ</u>**

കേരളം ഒരു ആധുനിക സമൂഹമായി മാറുന്നതിൽ മലയാള സിനിമയും ജെ.സി. ഡാനിയലും വലിയ പങ്ക് വഹിച്ചിട്ടുള്ളതായി മന്ത്രി സജി ചെറിയാൻ. ജെ.സി. ഡാനിയലിൻറെ വെങ്കല പ്രതിമ നിർമ്മാണ ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. ചിത്രാഞ്ജലി സ്റ്റുഡിയോ ക്യാമ്പസിലാണ് പ്രതിമ സ്ഥാപിക്കുക.

**************************************************

**ബാങ്ക് സമരം മാറ്റിവച്ചു**

ഈ മാസം 24, 25 തീയതികളിൽ നടത്താനിരുന്ന ബാങ്ക് സമരം മാറ്റിവച്ചു. ഇന്ന് നടന്ന അനുരഞ്ജന ചർച്ചയിലാണ് തീരുമാനം. ഐ.ബി.എ, ഡി.എഫ്.എസ് സംഘടനകളുടെ പ്രതിനിധികൾ ചർച്ചയിൽ പങ്കെടുത്തു.

***************************************************

**മനുഷ്യാവകാശ കമ്മീഷൻ**

ലൈംഗികാതിക്രമ കേസുകളിൽ പരിശോധന കുറ്റമറ്റതാകണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. കോഴിക്കോട് മെഡിക്കൽ കോളേജിലെ ഐ.സി.യു. വിൽ ആശുപത്രി ജീവനക്കാരൻ രോഗിയെ ലൈംഗികാതിക്രമത്തിന് വിധേയമാക്കിയെന്ന പരാതിയിലാണ് ഉത്തരവ്. സ്ത്രീകൾ മാത്രമുള്ള വാർഡുകളിൽ പുരുഷ അറ്റൻഡർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത് പരമാവധി ഒഴിവാക്കണമെന്നും കമ്മീഷൻ നിർദേശിച്ചു.

***************************************************

**പാതിവില തട്ടിപ്പ്**

പാതിവില തട്ടിപ്പ് കേസ് പ്രതി അനന്തു കൃഷ്ണനെ ഒരു ദിവസത്തേക്ക് തൊടുപുഴ പോലീസിൻറെ കസ്റ്റഡിയിൽ വിട്ടു. തൊടുപുഴ പോലീസ് രജിസ്റ്റർ ചെയ്ത ആറ് കേസുകളിൽ ഇളംദേശം സീഡ് സൊസൈറ്റി വഴി 60 പേരുടെ മൂന്നരക്കോടി തട്ടിച്ചെന്ന പരാതിയിലാണ് അനന്തുവിനെ കസ്റ്റഡിയിൽ വാങ്ങിയത്.

***************************************************

**ആകാശവാണി-ശിൽപ്പശാല**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻ്റെ 75-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി അഖില കേരള യുവ സാഹിത്യ മത്സരത്തിൽ തെരഞ്ഞെടുക്കപ്പെട്ട കവികൾക്കായി

RNU TVPM

കവിതാശിൽപ്പശാല സംഘടിപ്പിച്ചു. മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ സമാപന സമ്മേളനം തിരുവന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ആകാശവാണി തിരുവനന്തപുരം നിലയം പ്രോഗ്രാം മേധാവി വി ശിവകുമാർ, ആകാശവാണി തിരുവനന്തപുരം നിലയം അസിസ്റ്റൻറ് ഡയറക്ടർ ശ്രീകുമാർ മുഖത്തല തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു. രാവിലെ കവി മധുസൂദനൻ നായർ ആണ് ശില്പശാല ഉദ്ഘാടനം ചെയ്തത്.

**************************************************

## **സൂരജ് വധക്കേസ്**

കണ്ണൂർ മുഴപ്പിലങ്ങാട് ആർ.എസ്.എസ് പ്രവർത്തകൻ സൂരജ് വധകേസിൽ ഒൻപത് പ്രതികൾ കുറ്റക്കാരെന്ന് ജില്ലാ സെഷൻസ് കോടതി. 10-ാം പ്രതിയെ വെറുതെ വിട്ടു. ശിക്ഷ തിങ്കളാഴ്ച പ്രഖ്യാപിക്കും. സിപിഎം പ്രവർത്തകനായ സൂരജ് ബിജെപിയിൽ ചേർന്നതിൻറെ വിരോധംമൂലം കൊലപ്പെടുത്തിയെന്നാണ് പ്രോസിക്യൂഷൻ കേസ്.

RNUTVPM

**************************************************
**************************************************
**************************************************